**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓരോ മാസവും അഞ്ചാം തീയതിക്ക് മുൻപ് മുഴുവൻ ശമ്പളവും നല്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | കോർപ്പറേഷൻ സമാഹരിക്കുന്ന തുകയും, സർക്കാർ ധനസഹായവും ഉപയോഗപ്പെടുത്തിയാണ് ശമ്പള വിതരണം നടത്തുന്നത്. എന്നാൽ എല്ലാ മാസവും അനുവദിക്കുന്ന സർക്കാർ ധനസഹായം സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കി കോർപ്പറേഷന്റെ അക്കൗണ്ടിൽ എത്താനുള്ള കാലതാമസവും, അധിക പലിശ ഒഴിവാക്കാനായി ടി തുക അക്കൗണ്ടിലെത്തിയശേഷം മാത്രം കോർപ്പറേഷൻ ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കുന്ന രീതിയും നിമിത്തം ജീവനക്കാരുടെ ശമ്പള വിതരണം താമസിക്കുന്ന സ്ഥിതിവിശേഷം ജീവനക്കാർക്കിടയിൽ അതൃപ്തി ഉളവാക്കുന്നതിന് ഇടയാക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യുടെ അതാതു മാസത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ചും ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യത അനുസരിച്ചും ഗഡുക്കളായും ഒറ്റ ഗഡുവായും ശമ്പളം വിതരണം ചെയ്യാറുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യഥാസമയം മുഴുവൻ ശമ്പളവും വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി. യ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉറപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 05/9/2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം 50 കോടി രൂപ ധനസഹായമായി കോർപ്പറേഷന് അനുവദിക്കുമെന്ന് തീരുമാനിച്ചിരുന്നു. |
| (സി) | സർക്കാരിൽ നിന്നുള്ള സഹായം ലഭിച്ചില്ലെങ്കിൽ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതിയെന്ന് മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഉണ്ടെങ്കിൽ ഇപ്രകാരം പകുതി ശമ്പളം തടഞ്ഞുവയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 107 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നതിന് കഴിയാത്തതിനാൽ, പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണം എന്നുകാട്ടി കോർപ്പറേഷൻ ബഹു.ഹൈക്കോടതിയുടെ പരിഗണനക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യ ഘട്ടത്തിൽ അനുവദിക്കാൻ ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച് 31/12/2022 വരെ കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം പെൻഷൻ ആനുകൂല്യമിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ടി ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ